## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ. 93. 29/09/2011-ൽ മറുപടിയ്ക്ക്

### ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ:<br>ശ്രീ. വി.റ്റി.ബൽറാം:<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.പി.സി.വിഷ്ണുനാഥ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വികസന ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമയ്ക്ക് നഷ്ട പരിഹാരം നൽകുന്നതു സംബന്ധിച്ച നയത്തിന് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ടോ ;<br>(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) ഏതെങ്കിലും പദ്ധതികൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി നടപ്പിലായില്ലെങ്കിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകുമോ ;<br>(ഡി) വികസന പ്രവർത്തനത്തിനു സ്ഥലം കൊടുക്കുന്നവർക്ക് പദ്ധതിയുടെ ഓഹരി ഉടമകൾ ആകാൻ അവസരം നൽകുമോ ;<br>(ഇ) ഭൂമി ഏറ്റെടുക്കുന്ന വിജ്ഞാപനം ഇറക്കുന്നതിന് മുൻപ് ഭൂമി വിട്ടു നൽകുന്നവരെ പദ്ധതിയുടെ ന്യായാന്യായങ്ങൾ ബോധ്യപ്പെടുത്താൻ അവസരം നൽകുമോ ? | (എ) (ബി) (സി) (ഡി) & (ഇ) കേന്ദ്ര ഗവൺമെന്റിന്റെ 1894-ലെ ഭൂമി ഏറ്റെടുക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടത്തി വരുന്നത്. നഷ്ടപരിഹാരം തീരെ അപര്യാപ്തമായതു കൊണ്ടും പുനരധിവാസത്തിന് വ്യവസ്ഥകളില്ലാത്തതിനാലും ഈ നയത്തിനെതിരെ പരാതികൾ ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ വികസനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസനയം സർക്കാർ പരിഗണിച്ചു വരുന്നു. ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ തിരികെ ഏറ്റെടുക്കുക, ഭൂദാതാക്കൾക്ക് പദ്ധതിയുടെ ഓഹരി ഉടമകളാകാൻ അവസരം നൽകുക, ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറക്കുന്നതിന് മുൻപ് ഭൂദാതാക്കളുമായി ചർച്ച നടത്തുക തുടങ്ങിയ കാര്യങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ